**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 703** **11-06-2024 - ൽ മറുപടിയ്ക്ക്**

**ചെറുകിട ജലവൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊരിങ്ങൽക്കുത്ത് മൈക്രോ ജല വൈദ്യുത പദ്ധതി (36 കിലോ വാട്ട്), ഒലിക്കൽ (5 MW), പൂവാരംതോട് (3 MW), ചിന്നാർ (24 MW) ഫേസ് 2, അപ്പർ ചെങ്കുളം (24 MW) എന്നീ ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.<br><br>കൂടാതെ, 92 MW മൊത്തം സ്ഥാപിത ശേഷിയുള്ള 13 ചെറുകിട ജല വൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങൾ (സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള) വിവിധ ഘട്ടങ്ങളിലാണ്.<br><br>സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഊർജ്ജോല്പാദന മാർഗ്ഗമെന്ന നിലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ വിവിധ ഇടപെടലുകളാണ് സർക്കാർ നടത്തിയിട്ടുള്ളത്. ഇ.എം.സി-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ മൊത്തം 12.5 MW ശേഷിയുള്ള രണ്ട് ചെറുകിട ജല വൈദ്യുത പദ്ധതികൾ കമ്മിഷൻ ചെയ്യുകയും രണ്ട് പദ്ധതികളിലായി 4.35 MW ഗ്രിഡിൽ കണക്റ്റ് ചെയ്ത് കമ്മീഷനിംഗ് പ്രതീക്ഷയിലുമാണ്.<br><br>ചെറുകിട ജലവൈദ്യുത പ്രമോഷൻ സെൽ ഏറ്റവും അവസാനം പൂർത്തീകരിച്ച് ടെണ്ടർ നടപടികൾ പ്രകാരം BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത 3 പദ്ധതികൾക്ക് (ആറ്റിലെ 1 – 6MW (പാലക്കാട് ജില്ല), ആറ്റിലെ II – 6 MW (പാലക്കാട് ജില്ല) കനകപ്പുഴ – 0.75 MW (ഇടുക്കി ജില്ല) കരാർ ഒപ്പ് വച്ചു. ആദ്യ രണ്ട് പദ്ധതികൾക്ക് |

| | | | |
|---|---|---|---|
| | | | വനം വകുപ്പ് ക്ലിയറൻസ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. മൂന്നാമത്തെ പദ്ധതി സ്ഥലം ഏറ്റെടുപ്പ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചവ എത്രയെന്നും ഇതിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി എത്രയെന്നും വ്യക്തമാക്കുമോ; | (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരംഭിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളിൽ പൊരിങ്ങൽ കുത്ത് മൈക്രോ ജലവൈദ്യുത പദ്ധതി (36 കിലോ വാട്ട്) 2024 ജൂലൈ മാസത്തിലും, ചിന്നാർ (24 MW) ഫേസ് 2 പദ്ധതി 2025 ഫെബ്രുവരി മാസത്തിലും ഒലിക്കൽ (5 MW), പൂവാരംതോട് (3 MW) എന്നീ പദ്ധതികൾ 2025 ജൂലൈ മാസത്തിലും, അപ്പർ ചെങ്കുളം (24 MW) പദ്ധതി 2028 ഏപ്രിൽ മാസത്തിലും പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതികൾ പൂർത്തിയാകുമ്പോൾ 145.835 ദശ ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>കൂടാതെ മുൻ സർക്കാരുകളുടെ കാലത്ത് ആരംഭിച്ച പൊരിങ്ങൽക്കുത്ത് ഒന്നാം ഘട്ടം (24 MW), അപ്പർ കല്ലാർ (2MW), പെരുവണ്ണാമൂഴി (6MW), ചിന്നാർ (24 MW) ഫേസ് 1 എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇ.എം.സി-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ മുഖേന രണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു. ആനക്കാംപോയിൽ - 8 മെഗാവാട്ട് (കോഴിക്കോട് ജില്ല), അരിപ്പാറ – 4.5 മെഗാവാട്ട് (കോഴിക്കോട് ജില്ല) രണ്ട് പദ്ധതികൾ മുക്കടം – 4 മെഗാവാട്ട് (ഇടുക്കി ജില്ല), ഏഴാംകടവ് – 350 kW (കണ്ണൂർ ജില്ല) ഗ്രിഡ് കണക്ഷൻ കഴിഞ്ഞ് കമ്മീഷൻ ഓർഡർ പ്രതീക്ഷയിലാണ്. ഈ നാല് പദ്ധതികൾ പൂർത്തീകരിക്കുക വഴി 16.85 മെഗാവാട്ട് അധിക വൈദ്യുതശേഷി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>ആറ്റില I- 6 MW (പാലക്കാട് ജില്ല), ആറ്റില II- 6 MW (പാലക്കാട് ജില്ല) എന്നീ പദ്ധതികൾക്ക് വനംവകുപ്പ് ക്ലിയറൻസ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കനകപ്പുഴ - 0.75 MW (ഇടുക്കി ജില്ല) പദ്ധതിക്ക് സ്ഥലം ഏറ്റെടുപ്പ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആദ്യ രണ്ട് പദ്ധതികളും 2027 ഓടെയും മൂന്നാമത്തെ പദ്ധതി 2026 ലും പൂർത്തികരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്നും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ? | (സി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരംഭിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളിൽ പൊരിങ്ങൽ കുത്ത് മൈക്രോ ജലവൈദ്യുത പദ്ധതി (36 കിലോ വാട്ട്) 2024 ജൂലൈ മാസത്തിലും, ചിന്നാർ (24 MW) ഫേസ് 2 പദ്ധതി 2025 ഫെബ്രുവരി മാസത്തിലും ഒലിക്കൽ (5 MW), പൂവാരംതോട് (3 MW) എന്നീ പദ്ധതികൾ 2025 ജൂലൈ മാസത്തിലും, അപ്പർ ചെങ്കുളം (24 MW) പദ്ധതി 2028 ഏപ്രിൽ മാസത്തിലും പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതികൾ പൂർത്തിയാകുമ്പോൾ 145.835 ദശ ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>കൂടാതെ മുൻ സർക്കാരുകളുടെ കാലത്ത് ആരംഭിച്ച പൊരിങ്ങൽക്കുത്ത് ഒന്നാം ഘട്ടം (24 MW), അപ്പർ കല്ലാർ (2MW), പെരുവണ്ണാമുഴി (6MW), ചിന്നാർ (24 MW) ഫേസ് 1 എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇ.എം.സി-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ മുഖേന രണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു. ആനക്കാംപോയിൽ - 8 മെഗാവാട്ട് (കോഴിക്കോട് ജില്ല), അരിപ്പാറ – 4.5 മെഗാവാട്ട് (കോഴിക്കോട് ജില്ല) രണ്ട് പദ്ധതികൾ മുക്കുടം – 4 മെഗാവാട്ട് (ഇടുക്കി ജില്ല), ഏഴാംകടവ് – 350 kW (കണ്ണൂർ ജില്ല) ഗ്രിഡ് കണക്ഷൻ കഴിഞ്ഞ് കമ്മീഷൻ ഓർഡർ പ്രതീക്ഷയിലാണ്. ഈ നാല് പദ്ധതികൾ പൂർത്തീകരിക്കുക വഴി 16.85 മെഗാവാട്ട് അധിക വൈദ്യുതശേഷി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>ആറ്റില I- 6 MW (പാലക്കാട് ജില്ല), ആറ്റില II- 6 MW (പാലക്കാട് ജില്ല) എന്നീ പദ്ധതികൾക്ക് വനംവകുപ്പ് ക്ലിയറൻസ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കനകപ്പുഴ - 0.75 MW (ഇടുക്കി ജില്ല) പദ്ധതിക്ക് സ്ഥലം ഏറ്റെടുപ്പ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആദ്യ രണ്ട് പദ്ധതികളും 2027 ഓടെയും മൂന്നാമത്തെ പദ്ധതി 2026 ലും പൂർത്തികരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ